# സംസ്കാരപഠനം
# പുതിയ സങ്കല്പനങ്ങൾ

എഡിറ്റർ

വി. സി. ഹാരിസ്,
പി.എസ്. രാധാകൃഷ്ണൻ

SPCS

സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷണൽ ബുക്ക്സ്റ്റാൾ

Scanned with CamScanner

STUDY
MALAYALAM

# SAMSKARA PATANAM
# PUTHIYA SANKALPANANGAL

EDITED BY
V. C. HARIS
P. S. RADHAKRISHNAN

First Published February 2018

© V. C. Haris
P. S. Radhakrishnan

Cover Design
**Rajesh Chalode**

Publishers
SAHITHYA PRAVARTHAKA CO-OPERATIVE SOCIETY LTD.
Kottayam, Kerala State, India
www.spcs.com
Email: spcsktm@gmail.com

Printed at
Sri Balavinayakar Publikation, Sivakasi

Sales Department
NATIONAL BOOK STALL
Thiruvananthapuram, Kollam, Alappuzha, Kottayam
Thodupuzha, Ernakulam (Marine Drive), Thrissur
Irinjalakkuda, Palakkadu, Kozhikkodu, Kalpatta, Kannur
www.nationalbookstall.com

**Price Rs. 360.00**

No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher.

ISBN- 978-93-87866-06-5
978000031221

S 9739 -B 6014 - 196/17-18 -1 -500

Scanned with CamScanner

## ഉള്ളടക്കം

ഭാഗം ഒന്ന്: ചരിത്രം ഭാഷ സാഹിത്യം

1. സംസ്കാരപഠനങ്ങൾ: ചരിത്രവും വർത്തമാനവും —സുധാകരൻ സി. ബി. 13
2. തർജ്ജമപഠനവും ക്ലാസ്സിക് മലയാളപഠനവും സമകാലികവിജ്ഞാനവ്യവസ്ഥയിൽ —സ്കറിയ സക്കറിയ 28
3. വാക്കിലെ സമൂഹം: പാഠാന്തരബന്ധങ്ങൾ നമ്പ്യാർക്കവിതയിൽ —ഇ. വി. രാമകൃഷ്ണൻ 42
4. മഹാഭാരതം: ഒരിക്കലും വായിച്ചുതീരാതെ —സച്ചിദാനന്ദൻ 55
5. കാമസൂത്രത്തിന്റെ സാമൂഹികപശ്ചാത്തലം —രാജൻ ഗുരുക്കൾ 62
6. ഭാര്യ, വേശ്യ, പരിഷ്കർത്താവ്—ജെ. ദേവിക 72
7. സംസ്കാരപഠനവും പ്രദേശപഠനവും: പേരാറും ഓരങ്ങളും പേരുകളും—അജയ് ശേഖർ 87

ഭാഗം രണ്ട് കല: ജനകീയത/ജനപ്രിയത

1. കേൾവിശീലങ്ങളുടെ സാമൂഹ്യശാസ്ത്രം —ആർ. നന്ദകുമാർ 103
2. അവതരണത്തിന്റെ ജീവപരത —എം. വി. നാരായണൻ 149
3. ദേശഭാവനയുടെ ആട്ടപ്രകാരങ്ങൾ ദേശീയാധുനികതയും ഭരതനാട്യത്തിന്റെ രംഗജീവിതവും —സുനിൽ പി. ഇളയിടം 164
4. മഞ്ജുവാര്യരുടെ താരസ്വരൂപം—ജെനി റൊവീന 194
5. മഞ്ഞിൽ വിരിഞ്ഞ ഹൈദർ: ഇന്ത്യൻ വർത്തമാനത്തിലെ ഹാംലെറ്റ്—അജു കെ. നാരായണൻ, ചെറി ജേക്കബ് കെ. 199
6. മുതലാളിത്തത്തിന്റെ പാട്ടുപെട്ടി—പ്രദീപൻ പാമ്പിരികുന്ന് 209

Scanned with CamScanner

# സംസ്കാരപഠനവും പ്രദേശപഠനവും
# പേരാറും ഓരങ്ങളും പേരുകളും

**അജയ് ശേഖർ**

പേരുകൾക്കുള്ളിൽ പെരുമാളിരിക്കുന്നു.....

— ഡി. വിനയചന്ദ്രൻ, 'കാട്.'

മനയുടെ കിളിവാതിലിലൂടെ തുറിച്ചുനോക്കിയ ആ വിചിത്രജീവികൾ എന്നെ നോക്കി ഇളിക്കുന്നുണ്ടായിരുന്നു.

— മാധവിക്കുട്ടി, 'കാട്ടുമാടം മന.'

അറിയപ്പെടുമിതു വേറല്ലറിവായിടും തിരഞ്ഞിടുംനേരം
അറിവിതിലൊന്നായതുകൊണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും.

— നാരായണഗുരു, 'അറിവ്.'

മാറിയ ലോകക്രമത്തിൽ ആഗോളവും പ്രാദേശികവുമായ സംഘർഷങ്ങൾ സംസ്കാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും രംഗത്ത് കൂടുതൽ സങ്കീർണ്ണവും മൂർത്തവുമായിരിക്കുന്നു. പഴയ പ്രാദേശിക സങ്കുചിതവാദങ്ങളും ഭാഷാമേന്മാവാദങ്ങളും ശ്രേഷ്ഠതാവാദങ്ങളും പ്രാദേശിക വരേണ്യവാദങ്ങളും തികച്ചും അപ്രസക്തമാക്കുന്ന രീതിയിൽ സാംസ്കാരികമായ ആഗോളീകരണത്തിന്റെ വിപുലമായ കാറ്റുകൾ വീശിയടിക്കുകയാണ്. മൂന്നാം ലോകത്തെ അധിനിവേശാനന്തരസമൂഹങ്ങളിലെ പ്രാന്തീകൃതരായ ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം വെല്ലുവിളികളും വാഗ്ദാനങ്ങളും ഉയർത്തുന്ന സമ്മിശ്രസന്ദർഭങ്ങളാണ് തെളിഞ്ഞുവരുന്നത്. പ്രദേശത്തെ ക്കുറിച്ചും, സൂക്ഷ്മവും അടിത്തട്ടിലാണ്ടുകിടക്കുന്നതുമായ പ്രാദേശികസംസ്കാരത്തെക്കുറിച്ചുമുള്ള വിമർശബോധത്തോടെയുള്ള അന്വേഷണങ്ങളെ ത്വരിപ്പിക്കുന്ന ബൗദ്ധികവും രാഷ്ട്രീയവുമായ സന്ദർഭവുംകൂടിയാണിത്.

പ്രദേശത്തെ തിരിച്ചറിയുന്നതും ഊന്നുന്നതും പ്രതിരോധത്തിന്റെ തുടക്കമാണ്. ആഗോളമായ ആധിപത്യവ്യവഹാരങ്ങളെ പ്രാദേശികമായ പ്രതിരോധത്തിലൂന്നി ചെറുക്കുന്നതും പ്രാദേശികമായ അധീശവ്യവഹാരങ്ങളെ ആഗോളവും സാർവ്വത്രികവുമായ പ്രതലങ്ങളേയും ആയങ്ങളേയും ഉപയോഗിച്ചു ചെറുക്കുന്നതും സാംസ്കാരികമായ ജീവിതപോരാട്ടത്തിന്റെ ബഹുലതയുടെ ഭാഗമാണ്. എഴുത്തും ഭാഷണവും പ്രതിരോധവും തമ്മിലുള്ള ബന്ധങ്ങളെ പല വീക്ഷണകോണുകളിൽനിന്നു പ്രശ്നവൽക്കരിച്ചുകൊണ്ട്

Scanned with CamScanner